# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-6353** **31.10.2011-ൽ മറുപടിക്ക്**

## 'സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി'

**ചോദ്യം**

ശ്രീ. വി. റ്റി. ബൽറാം
ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

(എ) 'സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി' യുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) കായികക്ഷമത പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) പ്രസ്തുത സംവിധാനം ഊർജ്ജിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**മറുപടി**

ശ്രീ. കെ. ബി. ഗണേഷ്കുമാർ
(വനവും സ്പോർട്സും
സിനിമയും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ മുഴുവൻ കുട്ടികൾക്കും ശരാശരി കായികക്ഷമത കൈവരിക്കുന്നതിനായാണ് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരത്തിൽ ശാരീരികക്ഷമത കൈവരിക്കുന്നതിലൂടെ പൊതുജനാരോഗ്യരംഗത്ത് നമ്മുടെ സമൂഹം മെച്ചപ്പെട്ട നിലവാരത്തിലേയ്ക്ക് ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. കായികക്ഷമതാ നിലവാരം കുറഞ്ഞ കുട്ടികൾക്ക് പരിഹാരക്രമങ്ങൾ നൽകുകയും കായികക്ഷമതയിൽ ഉന്നത നിലവാരം പുലർത്തുന്നവരെ കണ്ടെത്തി അവർക്ക് മികച്ച രീതിയിലുള്ള പരിശീലന സൗകര്യങ്ങൾ ഒരുക്കാനുമാണ് ഉദ്ദേശിക്കുന്നത്;

(ബി) & (സി) സ്ക്കൂളുകളിൽ രൂപീകരിച്ചിട്ടുള്ള കോർ ഗ്രൂപ്പുകൾ കായികാദ്ധ്യാപകരുടെ നേതൃത്വത്തിൽ പരിശോധനാ പരിപാടി നടത്തി ഫലങ്ങൾ ടി.പി.എഫ്.പി. വെബ്സൈറ്റിൽ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നു. ഈ പരിശോധനാഫലങ്ങളുടെ അടിസ്ഥാനത്തിൽ 'സി' ഗ്രേഡിന് മുകളിൽ കായികക്ഷമത കൈവരിക്കുന്നവർക്കായി സബ്ജില്ലാ അടിസ്ഥാനത്തിൽ രണ്ടാംതല പരിശോധന നടത്തുന്നതാണ്. ഈ ഫലങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് മെഡലും സർട്ടിഫിക്കറ്റുകളും നൽകും. ആരോഗ്യ-കായിക വിദ്യാഭ്യാസ കരിക്കുലം അനുസരിച്ച് 5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സുവരെ കായികക്ഷമതാ പരിശോധന കരിക്കുലത്തിന്റെ ഭാഗമാണ്. കായികക്ഷമത കുറഞ്ഞ കുട്ടികളുടെ കായികക്ഷമതാ നിലവാരം ഉയർത്തുന്നതിനാവശ്യമായ പരിഹാരക്രമങ്ങൾ നൽകുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ